# നചികേതസ്സിന്റെ ആത്മനൊമ്പരങ്ങൾ

ഇഖ്ലാസ് ഒറ്റമാളിക

ഒരുനിമിഷം എനിക്കൊന്നും മിണ്ടാനായില്ല. കവലയിൽ ഓട്ടോറിക്ഷാസ്റ്റാൻഡിനടുത്ത് വൈകുന്നേരം വെറുതെ നിൽക്കുകയായിരുന്നു. അപ്പോഴാണ് ബസ്സിറങ്ങിവന്ന മുകുന്ദൻ അപ്പുറത്തെ കടയിൽ കൂടിനിന്ന ആളുകളോട് പറയുന്നത് കേട്ടത്.

"മേലെപാടത്തെ ഗോവിന്ദന്റെ മകനില്ലേ, സച്ചി. അവനെ വണ്ടിയിടിച്ചു. സീരിയസ്സാണെന്നാ കേട്ടെ"

"ആര്... ആ ഇലക്ട്രിക്കടയിൽ പോകുന്ന പയ്യനോ?." ആരോ ചോദിച്ചു.

സച്ചി. സച്ചിതാനന്ദനാണ് എന്റെ ഏറ്റവും അടുത്ത സുഹൃത്ത്. കുട്ടിക്കാലം മുതൽക്കേ ഞങ്ങൾ ഒരുമിച്ചായിരുന്നു. ഒരേ ക്ലാസ്സിൽ പഠിച്ചു. പിന്നെ കോളേജിൽ പോയതും ഒന്നിച്ചായിരുന്നു. ഞങ്ങൾക്ക് ഏതാണ്ട് ഒരേ സമയത്തുതന്നെയാണ് ജോലിയും കിട്ടിയത്.

ബസ്സ് സ്റ്റോപ്പിനടുത്തുതന്നെയാണ് ആശുപത്രി. തുറന്നുകിടക്കുന്ന തുരുമ്പിച്ച ഇരുമ്പുഗേറ്റിലൂടെ ഞാൻ അകത്തുകയറി. നാട്ടുകാരിൽ ചിലർ മുൻവശത്ത്, ആബുലൻസ് കിടക്കുന്നതിന്റെ അടുത്ത് കൂട്ടംകൂടിനിൽപ്പുണ്ട്. ഒന്നും മിണ്ടാതെ, തല കുനിച്ചു ഞാൻ മതിലിനടുത്തു പോയിനിന്നു. അടക്കിപിടിച്ച സംസാരത്തിൽ അറിയാതെയാണെങ്കിലും ശ്രദ്ധിച്ചു.

"ആ ജംഗ്ഷനിലെ വളവ് കുറച്ചപകടം പിടിച്ചതുതന്നെ. അടുത്ത നാളുകളായി എത്ര അപകടങ്ങളാ" ആരോ ആവലാതിപൂണ്ടു.

"തലയ്ക്കാണെത്രേ പരിക്ക്. ബസ്സിറങ്ങി വരുമ്പോൾ ലോറിയിടിച്ചതാണ്. അഞ്ചുമണിയായപ്പം ഓപ്പറേഷൻതീയറ്ററിൽ കയറ്റിയതാ. അൽപ്പം സീരിയസ്സാണ്. ഇരുപത്തിനാലുമണിക്കൂറെങ്കിലും കഴിയണമെന്നാണ് ഡോക്ടർ പറഞ്ഞിരിക്കുന്നെ.."

ഒരുനിമിഷം ഞാൻ പ്രാർത്ഥിച്ചു. ദൈവമേ, സച്ചിയ്ക്കൊന്നും വരുത്തരുതേ.

ഒരുതരത്തിൽ പറഞ്ഞാൽ, സച്ചി എനിക്കൊരു കൂട്ടുകാരൻ മാത്രമായിരുന്നില്ല. മൂന്നുമാസം മുമ്പ് ബൈക്ക് മറിഞ്ഞു ഒരാഴ്ച ഇതേ ആശുപത്രിയിൽ അത്യാസന്നനിലയിൽ കിടന്നപ്പോൾ രാപകലില്ലാതെ എന്നെ ശുശ്രൂഷിച്ചത് സച്ചിയായിരുന്നു. എന്റെ ശരീരത്തിലൂടെ ഓടുന്ന രണ്ടുകുപ്പി രക്തം അവന്റെ സിരകളിൽ നിന്നൂറിവന്നതാണ്. അങ്ങനെ നോക്കുമ്പോൾ ഞങ്ങൾ തമ്മിൽ ഒരാത്മബന്ധം തന്നെയുണ്ട്.

പിറ്റേന്ന് രാത്രിയാണ് സച്ചിയ്ക്ക് ബോധം വീണത്. മുറിയ്ക്ക്പുറത്ത് വേവലാതി പൂണ്ട് നിന്ന ആളുകളിൽ ഒന്നായി, വരാന്തയിലെ ബെഞ്ചിൽ ചടഞ്ഞിരിക്കുന്ന സച്ചിയുടെ അച്ഛന്റെ അടുത്തായി, ഞാനുമിരുന്നു. നെടുവീർപ്പിടുന്ന ആ മനുഷ്യനെ ഞാൻ ആർദ്രതയോടെ നോക്കി.

ഇടയ്ക്ക് ഞാൻ മുറിയ്ക്കുള്ളിൽ കയറി. നീണ്ടരാവുകളിലെ പെയ്തൊഴിയാത്ത ഉറക്കം തീർക്കാനെന്നവണ്ണം അവൻ മയങ്ങികിടക്കുകയാണ്. മെലിഞ്ഞുനീണ്ട ആ വിരലുകളിൽ ഞാൻ തൊട്ടു. എനിക്കുനേരെ ആയാസപെട്ടു രണ്ടു തളർന്ന മിഴികൾ തുറിച്ചുനോക്കി. ആദ്യമായി കാണുന്നപോലെ. അപരിചിതത്വത്തിന്റെ രേഖകൾ അവന്റെ കണ്ണുകളെ വലയം ചെയ്യുന്നപോലെ എനിക്കുതോന്നി.

പെട്ടെന്ന് അവന്റെ മിഴികളിലൂടെ നേർത്ത പുഞ്ചിരി ചുണ്ടുകളിലേക്ക് പരന്നു. എനിക്കു സമാധാനമായി. അവനെന്നെ തിരിച്ചറിഞ്ഞല്ലോ. ഞാനും അവനെ നോക്കിചിരിച്ചു. പരിചിതമായ ഏതോ ഗന്ധം തിരിച്ചറിയാനെന്നവണ്ണം അവൻ മൂക്കുകൾ ആവുന്നത്ര വിടർത്തി. കുറച്ചുനേരം ഞങ്ങൾ അങ്ങനെ നോക്കിനിന്നു. തലമുറകളുടെ പരിചയം പുതുക്കാനെന്നവണ്ണം. വാതിൽക്കൽവെച്ചു യാത്രാമൊഴിക്കെന്നവണ്ണം തിരിഞ്ഞുനോക്കുമ്പോഴും സച്ചിയുടെ കണ്ണുകൾ എന്നെ പിന്തുടരുന്നുണ്ടായിരുന്നു.

ആശ്വാസത്തിന്റെ നേർരേഖയിൽ എത്തിയ സമാധാനത്തോടെയാണ് ഞാൻ പിറ്റേന്ന് ആശുപത്രിയിൽ എത്തിയത്. മുറിയിലേക്ക് നടക്കുമ്പോൾ, എതിരെവന്ന നേഴ്സിനെനോക്കി ഞാൻ വെറുതെ ചിരിച്ചു. മുഖം കനപ്പിച്ചു അവർ നടന്നുപോയെങ്കിലും എനിക്കു പരിഭവമൊന്നും തോന്നിയില്ല.

സച്ചിയുടെ മുറി ചാരിയിരുന്നു. ആരുമുണ്ടായിരുന്നില്ല അകത്ത്. വലതുകയ്യിലൂടെ സാവധാനം കയറികൊണ്ടിരുന്ന ഗ്ലൂക്കോസ് കുപ്പി അനക്കാതെ, അവൻ ചിരിച്ചു.

"നീയെന്തെ ഇന്നലെ വരാഞ്ഞെ". ദീർഘമായി ശ്വസിച്ചുകൊണ്ട്, പതിഞ്ഞ സ്വരത്തിൽ അവൻ ചോദിച്ചു. ഞാൻ വെറുതെ ചിരിച്ചു.

"ഇപ്പോയെങ്ങനെയുണ്ട് " കട്ടിലിൽ അവന്റെയൊപ്പം ഇരുന്നു ഞാൻ ചോദിച്ചു. ആ കണ്ണുകളിൽ ഇപ്പോഴും തളർച്ചയുടെ ആലസ്യം തെളിഞ്ഞുകാണാം.

"എടാ, ആ ഇന്റർവ്യൂവിന്റെ കാര്യമെന്തായി. അതെനിക്കു കിട്ടുമോ?" അവന്റെ മുഖത്ത് ആകാംക്ഷ തുടിച്ചുനിന്നു.

"എവിടത്തെ?" എനിക്കൊന്നും മനസ്സിലായില്ല.

"ജോസ് ഇലക്ട്രിക്കലിലെ. ഞാനൊരുവിധം നന്നായി അപ്പിയർ ചെയ്താ." അവനിപ്പോൾ ജോലി ചെയ്തുകൊണ്ടിരുന്ന കമ്പനിയുടെ പേരായിരുന്നു അത്. മുറിക്കുള്ളിലെ ഗന്ധം ശ്വാസംമുട്ടിക്കുന്നപോലെ എനിക്കുതോന്നി. പിന്നിലൊരനക്കം കേട്ടു തിരിഞ്ഞുനോക്കിയപ്പോൾ സച്ചിയുടെ അമ്മയുടെ ദൈന്യതയാർന്ന മുഖം വാതിലിനപ്പുറം, അവ്യക്തമായി കണ്ടു.

അവൻ പിന്നെ ഇന്റർവ്യുവിനു ചോദിച്ച ചോദ്യങ്ങളും അവന്റെ പെർഫോമൻസിനെകുറിച്ചുമെല്ലാം വിശദമായി സംസാരിച്ചുകൊണ്ടിരുന്നു. നേർത്ത അവിശ്വസനീയതയോടെ, ആശങ്കയോടെ കൊച്ചുകൊച്ചു വാക്കുകളിൽ മറുപടി പറഞ്ഞു ഞാനിരുന്നു. ഇവനെന്തുപറ്റി?.

ഏറെ കഴിഞ്ഞ് പിന്നെ വരാമെന്ന് പറഞ്ഞു ഞാൻ പുറത്തിറങ്ങി. വാതിൽ ചാരി വരാന്തയിലേക്ക് കടക്കുമ്പോൾ അറ്റത്ത് സച്ചിയുടെ അമ്മ. കണ്ണുകൾ സമുദ്രത്തിൽ അണകെട്ടിയപോലെ വിങ്ങുന്നു.

‘‘ഹെന്റെ മോനിതെന്തു പറ്റി.‘‘ ഇടതുകൈകൊണ്ട് വാമൂടി അവർ പിന്നെ ശബ്ദമില്ലാതെ കരഞ്ഞു.

"ഇപ്പോ പഴയ കാര്യങ്ങളാ മുഴുവൻ പറയുന്നെ. ഇന്റർവ്യൂം ജോലിയുമെന്നൊക്കെ."

എന്തു പറഞ്ഞാണ് സമാധാനിപ്പിക്കേണ്ടതെന്നറിയാതെ ഒരുനിമിഷം ഒന്നും മിണ്ടാതെ ഞാൻ നിന്നു.

"ഒക്കെ ശരിയാവുമെന്നേ. അവനൊന്ന് എണീറ്റുനടന്നോട്ടെ. ഇതു ചിലപ്പോ പെട്ടെന്നുള്ള ഷോക്കിൽ സംഭവിച്ചതായിരിക്കും" ഞാൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

സച്ചിയ്ക്കെന്താണ് പറ്റിയത്? അവന്റെ ഓർമ്മശക്തി മുഴുവൻ നഷ്ടപെട്ടോ? അങ്ങനെയാണെങ്കിൽ അവനൊന്നും ഓർക്കാൻ കഴിയില്ലല്ലോ. പക്ഷേ, എല്ലാവരേയും വ്യക്തമായി തിരിച്ചറിയാം. പിന്നെ എന്താണ് സംഭവിക്കുന്നത്?. ആശയകുഴപ്പത്തിൽ പെട്ടു, എവിടെയും പോകാനില്ലാതെ ആശുപത്രിവളപ്പിൽ ഞാൻ കുറച്ചുനേരം അലഞ്ഞുനടന്നു.

പിറ്റേന്ന്, സന്ദർശകസമയം കഴിയുന്നതിനു തൊട്ടുമുമ്പ് ഡെറ്റോളിന്റെ മണമുള്ള കോവണിപടികൾ കയറി ഞാൻ സച്ചിയുടെ മുറിയുടെ അടുത്തെത്തി. മുറിയിൽ സച്ചിയുടെ അച്ഛൻ ഇരിപ്പുണ്ടായിരുന്നു. ബെഞ്ചിൽ ആകെ തളർന്നു.

സച്ചി കട്ടിലിൽ മലർന്നുകിടക്കുകയായിരുന്നു. കണ്ണുകൾ പാതിയടച്ചു എന്തോ പ്രാർത്ഥിക്കുന്നതുപോലെ. കാൽപെരുമാറ്റം കേട്ടപ്പോൾ കണ്ണുതുറന്നു.

"എടാ, റിസൾട്ട് വന്നോ? ഇന്നുവരുമെന്നല്ലേ പറഞ്ഞെ? എന്റെ കൂടി ഒന്നുനോക്കണം. 13760" ഒരു ശ്വാസത്തിൽ എല്ലാമവൻ പറഞ്ഞുതീർത്തു. അതവന്റെ ഡിഗ്രി പരീക്ഷാനമ്പറായിരുന്നു.

എനിക്കു തല പെരുത്തുതുടങ്ങി. ഇവനെന്താ സമയത്തിനു പിന്നോക്കം സഞ്ചരിക്കുന്നോ. ഏതോ ഫിക്ഷനിൽ വായിച്ചപോലെ കാലത്തിന്റെ ചിറകുകളിൽ തൂങ്ങി പിന്നോക്കം പായുകയാണോ സച്ചി?

താടിയൊക്കെ വടിച്ചുകളഞ്ഞിട്ടുണ്ട്. മുഖത്തിപ്പോൾ ഒരു ഐശ്വര്യമുണ്ട്. ക്ഷീണം വിട്ടുമാറിയിട്ടില്ലെങ്കിലും.

എല്ലാം ശ്രദ്ധിച്ചിരുക്കുന്ന സച്ചിയുടെ അച്ഛനെ ഞാൻ നോക്കി. എന്തോ പേരറിയാത്ത വികാരങ്ങൾ ആ മുഖത്ത് വിങ്ങിപൊട്ടുന്നത് ഞാൻ കണ്ടു.

ബെഞ്ചിന്റെ മറ്റെ അറ്റത്ത് ഇരുന്ന് ഞാൻ പതിഞ്ഞ സ്വരത്തിൽ ആരാഞ്ഞു. "ഡോക്ടർ എന്തുപറഞ്ഞു?" ഒരു നെടുവീർപ്പായിരുന്നു അതിന്റെ മറുപടി. അസ്വസ്ഥകരമായ നിമിഷങ്ങൾ. കട്ടിലിനടുത്തുള്ള ടീപോയിലെ ഗുളികളിലും നാരങ്ങാതൊണ്ടിലും നോക്കി ഞാൻ വെറുതെ ഇരുന്നു. ബെഞ്ചിട്ടിരുന്നതിന്റേ ഭാഗത്ത് തലചാരിയതിന്റെ പാടുകൾ. അവയിൽ നിന്നും നെടുവീർപ്പുകൾ ഉയരുന്നതായി എനിക്കു തോന്നി.

യാത്ര പറയാനായി ഞാൻ സച്ചിയുടെ അച്ഛന്റെ തോളിൽ കൈവെച്ചുവെങ്കിലും, അറിയാത്തപോലെ അദ്ദേഹം അതേ ഇരിപ്പുതുടർന്നു. കട്ടിലിൽ സച്ചി അർദ്ധ മയക്കത്തിന്റെ ഏതോ കയങ്ങളിൽ ആറാടുകയായിരുന്നു. ശാന്തമായി.

പിറ്റേന്ന് കാലത്തുതന്നെ ഞാൻ ആശുപത്രിയിൽ എത്തി. വലതുകൈയുടെ ചൂണ്ടുവിരൽ ചുണ്ടിൽ വെച്ച് അവനെന്തോ ഓർത്തുകൊണ്ടിരിക്കുകയായിരുന്നു. ചെറിയ ഒരു പുഞ്ചിരി മുഖത്ത് തത്തികളിക്കുന്നുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ പരിഭവത്തോടെ കുറച്ചുനേരം മുഖം വീർപ്പിച്ചിരുന്നു. മുഖത്താകെയൊരു മാറ്റം. നേർത്ത മീശമാത്രമെ കാണുന്നുള്ളൂ. കണ്ണുകൾക്ക് തെളിച്ചംകിട്ടിയിരിക്കുന്നു.

സ്വകാര്യമായി അവൻ ഇന്ദുവിന്റെ കാര്യം സംസാരിക്കാൻ തുടങ്ങി. പ്രീഡിഗ്രി ക്ലാസ്സിൽ ഞങ്ങളോടൊപ്പം പഠിച്ചിരുന്ന ഇന്ദു. ഇപ്പോൾ ഒരു ബിസിനസ്സുകാരന്റെ ഭാര്യയായി കഴിയുന്നു. ഒരു കുട്ടിയുമുണ്ട്.

സച്ചിയാകട്ടെ ഒരു കോളേജുകുമാരന്റെ പാരവശ്യത്തോടെ ഇന്ദുവുമായി സംസാരിച്ചതും കോളേജിലെ മരചുവട്ടിൽ അവളെകണ്ടതുമെല്ലാം വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു.

അവന്റെ കവിളിൽ രണ്ടുമൂന്ന് മുഖക്കുരുക്കൾ പൊന്തിവരുന്നതായി എനിക്കു തോന്നി. മൂക്കിൻചുവട്ടിലെ നനുത്തരോമങ്ങളിലേക്ക് നോക്കികൊണ്ടിരുന്നപ്പോൾ അവിശ്വസനീയതയ്ക്കുപുറമെ നേർത്ത ഭീതിയും എന്നെ വലയം ചെയ്യുന്നുണ്ടായിരുന്നു.

വാതിലിൽ എന്തോ അനക്കം കേട്ടപ്പോൾ സ്വിച്ചിട്ടതുമാതിരി അവന്റെ സംസാരം നിന്നു. സച്ചിയുടെ ചേട്ടൻ മുറിയിലേക്ക് കടന്നു വന്നപ്പോൾ, ചമ്മിയ മാതിരി, കണ്ണുകൾ ചിമ്മിയടച്ചു അവൻ മിണ്ടാതിരുന്നു. കുറച്ചുനേരം കഴിഞ്ഞ്, സച്ചിയുടെ ചേട്ടനോടൊപ്പം ഞാൻ മുറിയുടെ പുറത്തേക്കു നടന്നു.

വരാന്തയുടെ അറ്റത്തെത്തിയപ്പോൾ ഡോക്ടർ എന്തുപറഞ്ഞുവെന്ന് ഞാൻ ചോദിച്ചു.

ഒരു നിമിഷം ആരുമൊന്നും മിണ്ടിയില്ല.

''ഒന്നും പറയാറായിട്ടില്ല. പക്ഷേ, ബോധമുണ്ട്. സംസാരിക്കുന്നുമുണ്ട്. എന്തൊക്കെയോ, ഒന്നും മനസ്സിലാകാത്തരീതിയിൽ''

ജനലിലൂടെ വെറുതെ പുറത്തേക്ക് നോക്കിനിന്നപ്പോൾ പണ്ടെങ്ങോ വായിച്ചപോലെയാണ് സച്ചി പെരുമാറുന്നതെന്ന് എനിക്കുതോന്നി. കാലചക്രത്തിനപ്പുറത്ത്, ഭാവി പിന്നിലും ഭൂതം മുന്നിലുമായി, ജീവിതത്തിനു പിന്നോക്കം സഞ്ചരിക്കുകയാണോ സച്ചി. മരണത്തിനു തൊട്ടുമുമ്പുള്ള നിമിഷങ്ങളിൽ, കഴിഞ്ഞ കാലം ഒരു ഫ്ലാഷ്ബാക്ക്പോലെ സച്ചിയുടെ മുന്നിലൂടെ കടന്നുപോവുകയാണോ?..

ഡ്യൂട്ടിറൂമിന്റെ അടുത്തും മുൻവശത്തെ ചെറിയ ആൾക്കൂട്ടത്തിനിടയിലുമൊക്കെയായി ഞാൻ സമയം ചിലവഴിച്ചു. കൊച്ചുകൊച്ചുകൂട്ടങ്ങളായി പരിചയക്കാർ സച്ചിയുടെ മുറിയിലേക്ക് പോകുന്നുണ്ടായിരുന്നു. പലവട്ടം സച്ചിയെ കാണണമെന്നുണ്ടായിരുന്നെങ്കിലും ഞാൻ ധൈര്യപെട്ടില്ല. ഇപ്പോൾ എന്തായിരിക്കും അവന്റെ മാനസികാവസ്ഥ!.

ഒരപകടത്തിൽ നിന്നും മറ്റൊന്നിലേക്ക്. ദൈവം ഇത്ര കരുണയില്ലാത്തവനാണോ? ഏയ്! കുറച്ചു കഴിയുമ്പോൾ എല്ലാം ശരിയാകുമായിരിക്കും.

ഒടുവിൽ ധൈര്യം സംഭരിച്ചു, ഞാൻ മുറിയിൽ ചെന്നു. മുറിയിൽ ആരുമില്ലായിരുന്നു. കട്ടിലിൽ സച്ചി കിടന്നുറങ്ങുന്നുണ്ടായിരുന്നു. ഒരു കൊച്ചുകുട്ടി ഉറങ്ങുന്നപോലെ വാ കുറച്ചു തുറന്നു, വളഞ്ഞ്, കൈകൾ കാലിനിടയിൽ തിരുകി. തികഞ്ഞ ശാന്തതയോടെ.

തലയിണ കട്ടിലിനു താഴെ കിടപ്പുണ്ട്.

അതെടുത്ത് കട്ടിലിൽ വെച്ചു ഞാൻ അടുത്തുകിടന്നിരുന്ന കസേരയിൽ ഇരുന്നു. വലതുകെയ്യിലിലേക്ക്, തൂങ്ങികിടന്നിരുന്ന രക്തകുപ്പിയിൽ നിന്നും ചോര ഇറ്റിറ്റുവീണുകൊണ്ടിരുന്നു.

പെട്ടെന്നവൻ കണ്ണുതുറന്നു എന്നെ നോക്കി ചിരിച്ചു. അവന്റെ നുണകുഴികൾ വീണ്ടും വന്നപോലെ. "നീയെപ്പോ വന്നു" തല ചെരിച്ചു അവൻ ചോദിച്ചു.

ഇപ്പോൾ താടി ഒട്ടുമില്ല. ഏതോ സ്കൂൾകുട്ടിയുടെ മീശപോലെ മൂക്കിനുതാഴെ നേരിയ വിയർപ്പുകണങ്ങൾ പൊടിയുന്നതായി എനിക്കു തോന്നി. ഓപ്പറേഷൻ ചെയ്യാൻ വേണ്ടി വടിച്ചിരുന്ന തലയിൽ അങ്ങിങ്ങു മുടി വന്നുതുടങ്ങിയിരിക്കുന്നു. തലയ്ക്കുമുകളിലെ ഇസിജി യന്ത്രത്തിലൂടെ, സച്ചിയുടെ സ്പന്ദനങ്ങൾ, അധികം ഒഴുക്കില്ലാത്ത അരുവിപോലെ സാവധാനം ചലിച്ചുകൊണ്ടിരുന്നു.

സച്ചി സ്ക്കൂളിലെ കാര്യങ്ങൾ പറയാൻതുടങ്ങി. കണക്കുമാഷിന്റെ അടിയുടെ ചൂടും ഞങ്ങൾ മാവിലെറിയാൻപോയതും എല്ലാം പറഞ്ഞു. പതിനഞ്ചു വർഷം മുമ്പ് നടന്നതെല്ലാം ഇന്നലെ നടന്നമാതിരി അവനോർക്കുന്നു.

"നിനക്കു നചികേതസ്സിന്റെ കഥയറിയാമോ?"

"ആരുടെ"

"നചികേതസ്സിന്റെ. മലയാളംമാഷ് ഇന്നലെ പറഞ്ഞ ആളില്ലേ. കാലനെ തോൽപ്പിച്ച നചികേതസ്സ്. ഓ, നീ ഇന്നലെ ക്ലാസ്സിൽ വന്നില്ലല്ലോ." എനിക്കൊന്നും മനസ്സിലായില്ല.

മുക്കലും മൂളലുമായി അവൻ നചികേതസ്സിന്റെ കഥ പറയാൻ തുടങ്ങി.

ഒരു മുനിയുടെ മകനായിരുന്നു നചികേതസ്സ്. യാഗസമയത്ത് പശുക്കളെ ദാനം ചെയ്തപ്പോൾ തന്നെയാർക്കാണ് ദാനം ചെയ്യുന്നതെന്ന് ചോദിച്ച നചികേതസ്സ്. അച്ഛൻ തമാശയായി പറഞ്ഞ കാലന്റെ ഒപ്പം പോകണമെന്നു ശഠിച്ചു. യമപുരിയിൽ എത്തിയ യമദേവനോട് മരണത്തിന്റെ രഹസ്യങ്ങൾ ആരാഞ്ഞ നചികേതസ്സ്.

എനിക്കറിയാൻ പാടില്ലാത്ത ഏതോ കഥ പറഞ്ഞുതരുന്ന രസത്തോടെ ആവേശവാനായി സച്ചി കഥ പറഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്കിടെ പുരികമുയർത്തികൊണ്ടുള്ള ചോദ്യങ്ങളും പിന്നെ എന്നെ മണ്ടനാക്കിയുള്ള ചിരിയും.

പെട്ടെന്ന് നേഴ്സ് മരുന്നുമായി മുറിയിലേക്ക് കടന്നുവന്നു. അവൻ നേഴ്സിനെനോക്കി ചിരിച്ചു. നേഴ്സ് നിറഞ്ഞ കരുണയോടെ അവനെ നോക്കി. പിന്നെ ഗുളികയെടുത്തു കയ്യിൽ കൊടുത്തു. വെള്ളവും കുടിച്ചു സച്ചി വീണ്ടും കഥ പറയാൻ തുടങ്ങി.

"അതുകഴിഞ്ഞു നചികേതസ്സ് കാലനോട് തന്റെ ചോദ്യം വീണ്ടും ആവർത്തിച്ചു. എന്താണ് മരണം? കാലൻ ഒഴിഞ്ഞുമാറാൻ നോക്കി. നമ്മുടെ നചി വിടുമോ?. അവൻ വീണ്ടും ചോദിച്ചു.."

പറഞ്ഞുകോണ്ടിരിക്കെ ഗുളികയുടെ ശക്തി കൊണ്ടെന്നവണ്ണം സച്ചിയുടെ കണ്ണുകൾ അടഞ്ഞുകൊണ്ടിരുന്നു. എന്തോ അവ്യക്തമായ സ്വരത്തിൽ പറഞ്ഞു അവൻ മയങ്ങാൻ തുടങ്ങി. ഫിനിഷിംങ് ലൈനിൽ എത്തിതളർന്ന ഓട്ടക്കാരനെപോലെ, അവന്റെ ഇസിജി വേഗത്തിൽ ചലിച്ചു.

റൂമിന്റെ വാതിലിനടുത്തുനിന്നിരുന്ന ആളുകളെ മറികടന്നു പുറത്തേക്കു നടക്കുമ്പോൾ ഞാൻ സച്ചിയുടെ കാര്യമോർക്കുകയായിരുന്നു. രണ്ടുദിവസം കൊണ്ടവൻ പതിനഞ്ചു ഇരുപതു വർഷം പിന്നോട്ടു പോയിരിക്കുന്നു.

ഇനി...

ഇനിയവൻ പ്രൈമറിസ്ക്കൂളിലേക്കും അവിടെ നിന്നു കരഞ്ഞുപിഴിയുന്ന ശൈശവത്തിലേക്കും നടക്കും. മുട്ടുകാലിൽ ഇഴഞ്ഞു മണ്ണുവാരിതിന്നുന്ന സച്ചി. തൊട്ടിലിൽ കിടന്നു പല്ലില്ലാത്ത മോണകാട്ടി ചിരിക്കുന്നു. അമ്മയുടെ അമ്മിഞ്ഞകുടിക്കാൻ കരയുന്ന സച്ചി.

പിന്നെ...

അമ്മയുടെ ഗർഭപാത്രത്തിലേക്കു നുഴഞ്ഞുകയറുന്ന സച്ചി. അവന്റെ നാഭിയിൽ നിന്നും അമ്മയുടെ ഗർഭാശയഭിത്തിയിലേക്കു വളർന്നുവരുന്ന പൊക്കിൾകൊടി.
അമ്നിയോട്ടിക്ദ്രവത്തിന്റെ ഇടയിലൂടെ നീന്തിതുടിച്ചു ഗർഭാശത്തിൽ എത്തുന്ന സച്ചി.
അവിടെവെച്ച് രണ്ടായിതീരുന്ന സച്ചി.

ഒടുവിൽ...

പിറകിൽ നിന്നും ഒരു നിലവിളി കേട്ടാണ് ഞാൻ നിന്നത്. സച്ചിയുടെ മുറിയിൽ, കട്ടിലിൽ വീണുകിടന്നു കരയുന്ന സച്ചിയുടെ അമ്മ. തലയ്ക്കു കൈകൊടുത്തു വിങ്ങികരയുന്ന അച്ഛൻ. കട്ടിലിനുമുകളിലെ ഇസിജിയന്ത്രം ഒട്ടും ആശങ്കപ്പെടാതെ, നേർരേഖയിൽ ചലിച്ചുകൊണ്ടിരുന്നു.

കോവണിപടിയിൽ, മതിലിനോടു ചേർന്നിരുന്ന്, ഇരുകൈകളുംകൊണ്ട് മുഖംപൊത്തി കരഞ്ഞുകൊണ്ടിരുന്നപ്പോൾ ഞാൻ ആശ്വസിക്കാൻ ശ്രമിച്ചു. എല്ലാത്തിനും ഒരവസാനമുണ്ട്.

♦♦♦